# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:869

04.03.2020-ലെ മറുപടി

### അരുവിക്കരയിലെ കുടിവെള്ള പ്ലാന്റിന്റെ നടത്തിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.എസ്.ശിവകുമാർ<br>,, അനൂപ് ജേക്കബ് | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ അരുവിക്കരയിൽ നിർമ്മാണം പൂർത്തിയായ കുടിവെള്ള പ്ലാന്റിന്റെ നടത്തിപ്പ് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് കൈമാറുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 16 കോടി രൂപയോളം മുതൽ മുടക്കിയാണ് പ്രസ്തുത പ്ലാന്റിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് . സ്വകാര്യ കമ്പനികൾ വിപണിയിൽ വിറ്റഴിക്കുന്ന ചില കുപ്പിവെള്ള സാമ്പിളുകളുടെ ഗുണമേന്മ യെക്കുറിച്ച് പരാതികൾ ഉയർന്നിരുന്നു. ആയതിനാൽ തന്നെ ജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിയ്ക്കാൻ സാധ്യതയുള്ള കുപ്പിവെള്ള വിപണന മേഖലയിൽ സർക്കാരിന്റേതായ ഇടപെടലുകൾ നടത്തി ഗുണമേന്മ ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട് . കൂടാതെ ഇത്രയും വലിയ സാമ്പത്തിക മുതൽ മുടക്ക് നടത്തിയ പദ്ധതി ഇനിയും നീട്ടി കൊണ്ടു പോകുന്നത് അഭികാമ്യവുമല്ല. നിലവിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2025-ഓട് കൂടി കുടിവെള്ളമെത്തിക്കുന്നതിനുള്ള ബൃഹത്ത് പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതി കൂടാതെ KIIFB, ADB, നബാർഡ് , സംസ്ഥാന സർക്കാർ നൽകിയ ഭരണാനുമതികൾ എന്നിവ ഉൾപ്പെടുന്ന ഏകദേശം 9000 കോടി രൂപയുടെ കുടിവെള്ള/ സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കേണ്ട |
| (ബി) | കേരള വാട്ടർ അതോറിറ്റിക്ക് വൻ ലാഭം ലഭിക്കുമായിരുന്ന ഈ പദ്ധതി കൈമാറുന്നതിനുള്ള തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ; | | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയ്ക്കുണ്ട്. ഇപ്പോഴത്തെ കാലാവസ്ഥ വ്യതിയാനം കണക്കിലെടുക്കുമ്പോൾ 2020-ൽ ഉണ്ടായേക്കാവുന്ന വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് സമയ ബന്ധിതമായ പ്രവർത്തനം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അവരുടെ പരിമിതമായ സൗകര്യങ്ങൾക്കകത്തുനിന്നു കൊണ്ട് കുറ്റമറ്റ രീതിയിൽ നടത്തേണ്ടതുണ്ട് . മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വരൾച്ച കൊണ്ടുള്ള കുടിവെള്ള ക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ നൽകേണ്ട അവശ്യസേവനമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻഗണന നൽകിക്കൊണ്ടാണ് 28.02.2020-ലെ സർക്കാർ ഉത്തരവ് (കൈ)നം. 17/2020/ജ.വി.വ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുന്നതിന് ഉത്തരവായത് . |
| (സി) | പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (സി) | 14.1 കോടി രൂപ (പതിനാല് കോടി പത്തു ലക്ഷം രൂപ) |
| (ഡി) | പ്ലാന്റ് കൈമാറ്റത്തിനെതിരെ ജീവനക്കാർ പ്രതിഷേധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്ലാന്റ് കൈമാറ്റത്തിനെതിരെ ജീവനക്കാരുടെ വിവിധ സംഘടനകൾ പ്രതിഷേധമറിയിച്ച് കത്ത് നൽകിയിട്ടുണ്ട് . തീരുമാനം പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല . |

Prijith K

**സെക്ഷൻ ഓഫീസർ**